**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3380**

11.05.2017 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിന്റെ ലാഭ നഷ്ടം

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് കൺസ്യൂമർ ഫെഡ് എത്ര കോടി രൂപയുടെ നഷ്ടത്തിലായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) | താത്ക്കാലിക കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ അവസാനകാലമായ 2015-16 സാമ്പത്തിക വർഷത്തിൽ 29.10 കോടി രൂപയുടെ നഷ്ടം ഫെഡറേഷന് ഉണ്ടായിരുന്നു. ഇത് ഉൾപ്പെടെ സഞ്ചിത നഷ്ടം 447.21 കോടി രൂപയായിരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനം ലാഭത്തിലായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | ലാഭത്തിലായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡിന് താൽക്കാലിക കണക്കുകൾ പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്. ഫെഡറേഷന്റെ ബിസിനസ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ത്രിവേണി, നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് പ്രത്യേകം ടാർജറ്റ് നൽകി വിറ്റുവരവ് വർദ്ധിപ്പിച്ചു. വിദേശമദ്യത്തിലെ ഇൻസെന്റീവ് നേരിട്ട് ഫെഡറേഷനിൽ ലഭ്യമാക്കിയതിലൂടെയും ലാഭകരമല്ലെന്ന് കണ്ടെത്തുകയും നഷ്ടത്തിനും, ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ 741 നന്മ സ്റ്റോറുകൾ ഒഴിവാക്കുകയും അധികമാണെന്ന് കണ്ടെത്തിയ താത്ക്കാലിക ജീവനക്കാരെ ഒഴിവാക്കുകയും ചെയ്തതിലൂടെ ഭരണ ചെലവ് കുറയ്ക്കുന്നതിന് സാധിച്ചു. വിവിധ ഗോഡൗണുകളിൽ കെട്ടി കിടന്ന സാധനങ്ങൾ വിറ്റഴിച്ചതിലൂടെയും വായ്പകൾ |

| | | | |
|---|---|---|---|
| | | | പുനർ ക്രമീകരിച്ചതിലൂടെയും ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഇതിലൂടെ സ്ഥാപനത്തെ ലാഭത്തിലെത്തിക്കുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ